www.modelquestionpapers.in



**രസതന്ത്രം -ക്ലാസ് നോട്സ്**

**ക്ലാസ്സ് 10**

**മലയാളം മീഡിയം**

**യൂണിറ്റ് 1**

# പീരിയോഡിക് ടേബിളും ഇലക്ട്രോൺ വിന്യാസവും

1. ആധുനിക പീരിയോഡിക് ടേബിളിൽ മൂലക വർഗ്ഗീകരണത്തിന്റെ അടിസ്ഥാനം എന്താണ് ?

**ഉത്തരം :** അറ്റോമിക നമ്പർ.

2. സോഡിയത്തിന്റെ അറ്റോമിക നമ്പർ 11 ആണ് . ഇതിന്റെ ഇലക്ട്രോൺ വിന്യാസം എഴുതി ഗ്രൂപ്പ് നമ്പർ പീരിയഡ് നമ്പർ എന്നിവ കണ്ടെത്തുക . ഒന്നാം ഗ്രൂപ്പിൽ വരുന്ന ഈ മൂലകം ലോഹമാണോ അലോഹമാണോ എന്ന് തിരിച്ചറിയുക.

**ഉത്തരം :** ഇലക്ട്രോൺ വിന്യാസം = 2,8,1

ഗ്രൂപ്പ് നമ്പർ = 1

പീരിയഡ് നമ്പർ = 3

ഒന്നാം ഗ്രൂപ്പിൽ വരുന്ന ഈ മൂലകം ലോഹമായിരിക്കും

3. ന്യൂക്ലിയസ്സിൽ നിന്നും അകലുന്തോറും

* ഇലക്ട്രോണിന്റെ ഊർജ്ജം കൂടുന്നു.
* ന്യൂക്ലിയസും ഇലക്ട്രോണും തമ്മിലുള്ള ആകർഷണം കുടുന്നു.

ചില മൂലകങ്ങളുടെ **ഷെൽ ക്രമത്തിലുള്ള** ഇലക്ട്രോൺ വിന്യാസം താഴെ കൊടുത്തിരിക്കുന്നു.

| മൂലകം | ഷെല്ലുകൾ | | | |
|---|---|---|---|---|
| | K | L | M | N |
| $_{3}$Li | 2 | 1 | - | - |
| $_{11}$Na | 2 | 8 | 1 | - |
| $_{18}$Ar | 2 | 8 | 8 | - |
| $_{19}$K | 2 | 8 | 8 | 1 |

മൂന്നാമത്തെ (M) ഷെല്ലിൽ 18 ഇലക്ട്രോണുകൾ ഉൾപ്പെടുത്താമെങ്കിലും **അവസാനത്തെ ഷെല്ലിൽ 8 ൽ കൂടുതൽ ഇലക്ട്രോണുകൾ ഉൾക്കൊള്ളിക്കാനാവില്ല**

ആറ്റത്തിന്റെ ബോർ മാതൃക അനുസരിച്ച് ഓർബിറ്റുകൾ അഥവാ ഷെല്ലുകൾ എന്ന് വിളിക്കുന്ന നിശ്ചിത വൃത്ത പാതകളിൽക്കൂടി ഇലക്ട്രോണുകൾ ന്യൂക്ലിയസ്സിനു ചുറ്റും സഞ്ചരിക്കുന്നു . ഓരോ ഇലക്ട്രോണിനും കൃത്യമായ ഊർജ്ജം ഉള്ളതിനാൽ ഷെല്ലുകളെ മുഖ്യ ഊർജ്ജനിലകൾ എന്നും വിളിക്കാറുണ്ട് . ഈ ഷെല്ലുകളിലാണ് ഉപ ഊർജ്ജ നിലകൾ അഥവാ സബ് ഷെല്ലുകൾ ക്രമീകരിച്ചിരിക്കുന്നത് . സബ് ഷെല്ലുകളെ *s, p, d, f..* എന്നിങ്ങനെയാണ് സൂചിപ്പിക്കുന്നത്. *(s- sharp. p -principal. d- diffuse. f- fundamental)*

സബ് ഷെല്ലിൽ  ഇലക്ട്രോണുകൾ കാണപ്പെടാൻ സാധ്യത ഏറ്റവും കൂടിയ ഭാഗമാണ് ഓർബിറ്റലുകൾ

## ഓർബിറ്റലുകളുടെ ആകൃതി (അധിക വായനയ്ക്ക് മാത്രം )

s  ഓർബിറ്റലിനു ഗോളാകൃതിയാണ്



p സബ് ഷെല്ലിൽ  3 ഓർബിറ്റലുകൾ ഉണ്ട് ( P*x* , P*y*  P*z*). അവയ്ക്ക് ഡംബെൽ ആകൃതിയാണുള്ളത്.



ഓരോ ഷെല്ലിലും സബ് ഷെല്ലിലും ഉൾപ്പെടുത്താവുന്ന പരമാവധി ഇലക്ട്രോണുകളുടെ വിവരങ്ങൾ താഴെകൊടുക്കുന്നു.

| ഷെൽ | 1 | 2 | | 3 | | | 4 | | | |
|---|---|---|---|---|---|---|---|---|---|---|
| പേര് | K | L | | M | | | N | | | |
| പരമാവധി ഇലക്ട്രോണുകൾ | **2** | **8** | | **18** | | | **32** | | | |
| സബ് ഷെല്ലിന്റെ പേര് | *1s* | *2s* | *2p* | *3s* | *3p* | *3d* | *4s* | *4p* | *4d* | *4f* |
| പരമാവധി ഇലക്ട്രോണുകൾ | 2 | 2 | 6 | 2 | 6 | 10 | 2 | 6 | 10 | 14 |

4. ഷെല്ലിന്റെ നമ്പറും സബ് ഷെല്ലുകളുടെ എണ്ണവും തമ്മിലുള്ള ബന്ധം എന്താണ്?

ഷെല്ലിന്റെ നമ്പറും , ആ ഷെല്ലിലെ സബ് ഷെല്ലുകളുടെ ആകെ എണ്ണവും ഒന്ന് തന്നെയാണ്.

ഉദാഹരണമായി ഒന്നാമത്തെ  ഷെല്ലായ **K ഷെല്ലിൽ ഒരു സബ് ഷെല്ലാണുള്ളത് (s)**

**രണ്ടാമത്തെ   ഷെല്ലായ L  ഷെല്ലിൽ രണ്ട് സബ് ഷെല്ലാണുള്ളത് (*s, p* )**

5. എല്ലാ ഷെല്ലുകളിലും പൊതുവായുള്ള സബ് ഷെൽ ഏതാണ്?   *s*

## സബ് ഷെല്ലുകളിലെ ഇലക്ട്രോൺ വിന്യാസം

സബ്  ഷെല്ലുകളിൽ ഇലക്ട്രോണുകൾ  നിറയുന്നത് സബ് ഷെല്ലുകളുടെ ***ഊർജ്ജത്തിന്റെ ആരോഹണ ക്രമത്തിലാണ്.*** ഇതാണ് സബ് ഷെൽ ഇലക്ട്രോൺ വിന്യാസം .

താഴെക്കൊടുത്തിരിക്കുന്ന ചിത്രത്തിൽനിന്നും അത് മനസ്സിലാക്കാം.




***1s  <2s <2p <3s <3p <4s <3d <4p <5s <4d< ...***

**6.** പീരിയോഡിക് ടേബിളിലെ ആദ്യത്തെ 30 മൂലകങ്ങളുടെ സബ് ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുക

| മൂലകം | അറ്റോമിക നമ്പർ | സബ് ഷെൽ ഇലക്ട്രോൺ വിന്യാസം | ചുരുക്ക രൂപം |
|---|---|---|---|
| $_1H$ | **1** | $1s^1$ | |
| $_2He$ | **2** | $1s^2$ | |
| $_3Li$ | **3** | $1s^2\ 2s^1$ | **[He] $2s^1$** |
| $_4Be$ | **4** | $1s^2\ 2s^2$ | **[He] $2s^2$** |
| $_5B$ | **5** | $1s^2\ 2s^2\ 2p^1$ | **[He] $2s^2\ 2p^1$** |
| $_6C$ | **6** | $1s^2\ 2s^2\ 2p^2$ | **[He] $2s^2\ 2p^2$** |
| $_7N$ | **7** | $1s^2\ 2s^2\ 2p^3$ | **[He] $2s^2\ 2p^3$** |
| $_8O$ | **8** | $1s^2\ 2s^2\ 2p^4$ | **[He] $2s^2\ 2p^4$** |
| $_9F$ | **9** | $1s^2\ 2s^2\ 2p^5$ | **[He] $2s^2\ 2p^5$** |
| $_{10}Ne$ | **10** | $1s^2\ 2s^2\ 2p^6$ | |
| $_{11}Na$ | **11** | $1s^2\ 2s^2\ 2p^6\ 3s^1$ | **[Ne] $3s^1$** |
| $_{12}Mg$ | **12** | $1s^2\ 2s^2\ 2p^6\ 3s^2$ | **[Ne] $3s^2$** |
| $_{13}Al$ | **13** | $1s^2\ 2s^2\ 2p^6\ 3s^2\ 3p^1$ | **[Ne] $3s^2\ 3p^1$** |
| $_{14}Si$ | **14** | $1s^2\ 2s^2\ 2p^6\ 3s^2\ 3p^2$ | **[Ne] $3s^2\ 3p^2$** |
| $_{15}P$ | **15** | $1s^2\ 2s^2\ 2p^6\ 3s^2\ 3p^3$ | **[Ne] $3s^2\ 3p^3$** |
| $_{16}S$ | **16** | $1s^2\ 2s^2\ 2p^6\ 3s^2\ 3p^4$ | **[Ne] $3s^2\ 3p^4$** |
| $_{17}Cl$ | **17** | $1s^2\ 2s^2\ 2p^6\ 3s^2\ 3p^5$ | **[Ne] $3s^2\ 3p^5$** |

| | | | |
|---|---|---|---|
| $_{18}$Ar | 18 | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ | |
| $_{19}$K | 19 | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $4s^1$ | **[Ar] $4s^1$** |
| $_{20}$Ca | 20 | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $4s^2$ | **[Ar] $4s^2$** |
| $_{21}$Sc | 21 | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^1$ $4s^2$ | **[Ar] $3d^1$ $4s^2$** |
| $_{22}$Ti | 22 | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^2$ $4s^2$ | **[Ar] $3d^2$ $4s^2$** |
| $_{23}$V | 23 | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^3$ $4s^2$ | **[Ar] $3d^3$ $4s^2$** |
| $_{24}$Cr | 24 | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^5$ $4s^1$ | [Ar] $3d^5$ $4s^1$ |
| $_{25}$Mn | 25 | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^5$ $4s^2$ | **[Ar] $3d^5$ $4s^2$** |
| $_{26}$Fe | 26 | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^6$ $4s^2$ | **[Ar] $3d^6$ $4s^2$** |
| $_{27}$Co | 27 | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^7$ $4s^2$ | **[Ar] $3d^7$ $4s^2$** |
| $_{28}$Ni | 28 | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^8$ $4s^2$ | **[Ar] $3d^8$ $4s^2$** |
| $_{29}$Cu | 29 | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^{10}$ $4s^1$ | [Ar] $3d^{10}$ $4s^1$ |
| $_{30}$Zn | 30 | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^{10}$ $4s^2$ | **[Ar] $3d^{10}$ $4s^2$** |

7. ക്രോമിയവും കോപ്പറും വ്യത്യസ്ത ഇലക്ട്രോൺ വിന്യാസം പ്രകടിപ്പിക്കുന്നു . കാരണമെന്ത് ?

***d*** സബ്ഷെല്ലിന് പരമാവധി **10** ഇലക്ട്രോണുകൾ ഉൾക്കൊള്ളുവാൻ കഴിയും. ഈ സബ്ഷെൽ പൂർണമായി നിറഞ്ഞിരിക്കുന്നതോ ($d^{10}$)പകുതി മാത്രം നിറഞ്ഞിരിക്കുന്നതോ ($d^5$) ആയ ക്രമീകരണങ്ങൾക്ക് മറ്റുള്ളവയേക്കാൾ **സ്ഥിരത കൂടുതലാണ്** .ഇതിനാലാണ് ക്രോമിയവും കോപ്പറും സാധാരണയിൽ നിന്നും വ്യത്യസ്തമായ ഇലക്ട്രോൺ വിന്യാസം പ്രകടിപ്പിക്കുന്നത് .

ഇതുപോലെ f സബ് ഷെല്ലിൽ $f^7$ , $f^{14}$ ക്രമീകരണങ്ങളും കൂടുതൽ സ്ഥിരതയുള്ളതാണ്

8. ഒരു മൂലകത്തിന്റെ സബ് ഷെൽ ഇലക്ട്രോൺ വിന്യാസം **$1s^2$ $2s^2$ $2p^6$ $3s^2$** എന്നാണ് . **ഇതടിസ്ഥാനമാക്കി** താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

ഈ ആറ്റത്തിലെ ഷെല്ലുകളുടെ എണ്ണം ?.......................................................**3 . (K , L, M)**

ഓരോ ഷെല്ലിലെയും സബ് ഷെല്ലുകളുടെ എണ്ണം ? ................**K =1(1s) L =2 ( 2s , 2p ) M= 1 (3s)**

അവസാനത്തെ ഇലക്ട്രോൺ പ്രവേശിക്കുന്നത് ഏത് സബ് ഷെല്ലിലാണ് ? .................................**3s**

ആകെ ഇലക്ട്രോണുകളുടെ എണ്ണം ?.................................................................**12**

അറ്റോമിക നമ്പർ ? .....................................................................................**12**

സബ് ഷെൽ ഇലക്ട്രോൺ വിന്യാസം ചുരുക്കത്തിൽ എഴുതുക.........................................**[Ne] $3s^2$**

9. സിർക്കോണിയത്തിന്റെ (Z =40) സബ് ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുക

$1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^{10}$ $4s^2$ $4p^6$ **$4d^2$** $5s^2$ ചുരുക്കത്തിൽ **[Kr] $4d^2$ $5s^2$**

## സബ് ഷെൽ ഇലക്ട്രോൺ വിന്യാസവും ബ്ലോക്കും.

സബ് ഷെൽ ഇലക്ട്രോൺ വിന്യാസത്തിന്റെ അടിസ്ഥാനത്തിൽ മൂലകങ്ങളെ *s, p, d, f* എന്നിങ്ങനെ നാല് ബ്ലോക്കുകളിലായാണ് പീരിയോഡിക് ടേബിളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

**ഊർജ്ജക്രമമനുസരിച്ച് അവസാനത്തെ ഇലക്ട്രോൺ പ്രവേശിക്കുന്ന സബ് ഷെൽ ആണ് മൂലകത്തിന്റെ ബ്ലോക്ക്.**

6F4URJ

***ഉദാഹരണങ്ങൾ***

| മൂലകം | അറ്റോമിക നമ്പർ | സബ് ഷെൽ ഇലക്ട്രോൺ വിന്യാസം | അവസാനത്തെ ഇലക്ട്രോൺ പ്രവേശിക്കുന്ന സബ് ഷെൽ | മൂലകം ഉൾപ്പെടുന്ന ബ്ലോക്ക് |
|---|---|---|---|---|
| $_{3}Li$ | 3 | $1s^2$ $\mathbf{2s^1}$ | ***s*** | ***s*** |
| $_{12}Mg$ | 12 | $1s^2$ $2s^2$ $2p^6$ $\mathbf{3s^2}$ | ***s*** | ***s*** |
| $_{7}N$ | 7 | $1s^2$ $2s^2$ $\mathbf{2p^3}$ | ***p*** | ***p*** |
| $_{21}Sc$ | 21 | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $\mathbf{3d^1}$ $4s^2$ | ***d*** | ***d*** |
| $_{17}Cl$ | 17 | $1s^2$ $2s^2$ $2p^6$ $3s^2$ $\mathbf{3p^5}$ | ***p*** | ***p*** |
| $_{26}Fe$ | 26 | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $\mathbf{3d^6}$ $4s^2$ | ***d*** | ***d*** |
| $_{4}Be$ | 4 | $1s^2$ $\mathbf{2s^2}$ | ***s*** | ***s*** |
| $_{26}Fe$ | 26 | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $\mathbf{3d^6}$ $4s^2$ | ***d*** | ***d*** |
| $_{18}Ar$ | 18 | $1s^2$ $2s^2$ $2p^6$ $3s^2$ $\mathbf{3p^6}$ | ***p*** | ***p*** |

## സബ് ഷെൽ ഇലക്ട്രോൺ വിന്യാസവും പീരിയഡും

**മൂലകത്തിന്റെ പീരിയഡ് = സബ് ഷെൽ ഇലക്ട്രോൺ വിന്യാസത്തിലെ ഏറ്റവും വലിയ ഷെൽ നമ്പർ**

**ഉദാഹരണങ്ങൾ**

| മൂലകം | സബ് ഷെൽ ഇലക്ട്രോൺ വിന്യാസം | ഏറ്റവും വലിയ ഷെൽ നമ്പർ | പീരിയഡ് |
|---|---|---|---|
| $_{4}Be$ | $1s^2$ $\mathbf{2}s^2$ | 2 | **2** |
| $_{6}C$ | $1s^2$ $2s^2$ $\mathbf{2}p^2$ | 2 | **2** |
| $_{11}Na$ | $1s^2$ $2s^2$ $2p^6$ $\mathbf{3}s^1$ | 3 | **3** |
| $_{19}K$ | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $\mathbf{4}s^1$ | 4 | **4** |
| $_{21}Sc$ | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^1$ $\mathbf{4}s^2$ | 4 | **4** |
| $_{22}Ti$ | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^2$ $\mathbf{4}s^2$ | 4 | **4** |
| $_{29}Cu$ | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^{10}$ $\mathbf{4}s^1$ | 4 | **4** |

# *S* ബ്ലോക്ക് മൂലകങ്ങൾ

അവസാനത്തെ ഇലക്ട്രോൺ പ്രവേശിക്കുന്നത് ബാഹ്യതമ ഷെല്ലിലെ s സബ് ഷെല്ലിൽ ആണെങ്കിൽ ആ മൂലകം പീരിയോഡിക് ടേബിളിലെ s ബ്ലോക്കിൽ ഉൾപ്പെടുന്നതായിരിക്കും.

ഗ്രൂപ്പ് ഒന്നിലെ മൂലകങ്ങളായ ആൽക്കലി ലോഹങ്ങളും ഗ്രൂപ്പ് രണ്ടിലെ മൂലകങ്ങളായ ആൽക്കലൈൻ എർത്ത് ലോഹങ്ങളും s ബ്ലോക്കിൽ ഉൾപ്പെടുന്നവയാണ് .

* s ബ്ലോക്ക് മൂലകങ്ങൾ രാസപ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ സാധാരണയായി ഇലക്ട്രോണുകളെ വിട്ടുകൊടുക്കുന്നു . ഇലക്ട്രോണുകളെ വിട്ടുകൊടുക്കുന്നതിനാൽ ഇവ പോസിറ്റീവ് ഓക്സീകരണാവസ്ഥ പ്രകടിപ്പിക്കുന്നു .

ആൽക്കലി ലോഹങ്ങൾ ഒരു ഇലക്ട്രോണിനെ വിട്ടുകൊടുക്കുന്നതിനാൽ +1 ഓക്സീകരണാവസ്ഥ പ്രകടിപ്പിക്കുന്നു. ആൽക്കലൈൻ എർത്ത് ലോഹങ്ങൾ രണ്ട് ഇലക്ട്രോണുകളെ വിട്ടുനല്കുന്നതിനാൽ +2 ഓക്സീകരണാവസ്ഥ പ്രകടിപ്പിക്കുന്നു .

| **S ബ്ലോക്ക് മൂലകങ്ങളുടെ ഗ്രൂപ്പ് നിർണ്ണയിക്കുന്ന വിധം** |
|---|
| **S ബ്ലോക്ക് മൂലകങ്ങളിൽ ബാഹ്യതമ ഷെല്ലിലെ *S* സബ് ഷെല്ലിലെ ഇലക്ട്രോണുകളുടെ ആകെ എണ്ണമായിരിക്കും ഗ്രൂപ്പ് നമ്പർ.** |

10. *s* ബ്ലോക്ക് മൂലകങ്ങളുടെ ഓക്സൈഡുകളും ഹൈഡ്രോക്സൈഡുകളും ബേസിക സ്വഭാവമുള്ളവയാണ് . വിശദമാക്കുക ?

*s* ബ്ലോക്ക് മൂലകങ്ങളുടെ മിക്ക ഓക്സൈഡുകളും ഹൈഡ്രോക്സൈഡുകളും ആസിഡുകളുമായി ചേർന്ന് ജലവും ലവണവും ഉണ്ടാകുന്നു . അവ ചുവന്ന ലിറ്റ്മസിനെ നീലയാക്കുന്നു .

11. ഒന്നും രണ്ടും മൂലകങ്ങളെ യഥാക്രമം X, Y എന്നീ പ്രതീകങ്ങൾ കൊണ്ട് സൂചിപ്പിക്കുന്നുവെന്നു കരുതുക. താഴെക്കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| ഗ്രൂപ്പ് | സംയോജകത | ഓക്സീകരണാവസ്ഥ | അയോണുകളുടെ പ്രതീകം | ഓക്സൈഡുകളുടെ രാസസൂത്രം |
|---|---|---|---|---|
| 1 [X] | 1 | +1 | ----- | $X_2O$ |
| 2 [Y] | 2 | ----- | $Y^{2+}$ | |

**ഉത്തരം :**

| ഗ്രൂപ്പ് | സംയോജകത | ഓക്സീകരണാവസ്ഥ | അയോണുകളുടെ പ്രതീകം | ഓക്സൈഡുകളുടെ രാസസൂത്രം |
|---|---|---|---|---|
| 1 [X] | 1 | +1 | $X^+$ | $X_2O$ |
| 2 [Y] | 2 | +2 | $Y^{2+}$ | **YO** |

***S ബ്ലോക്ക് മൂലകങ്ങൾ നിശ്ചിത വാലൻസിയും ഓക്സീകരണാവസ്ഥയും കാണിക്കുന്നവയാണ്***

**12. s ബ്ലോക്ക് മൂലകങ്ങളുടെ  സവിശേഷതകൾ എഴുതുക. (ചുരുക്കത്തിൽ )**

* ലോഹ സ്വഭാവം

* അയോണീകരണ ഊർജ്ജം കുറവ്

(ബാഹ്യതമ ഷെല്ലിലെ ഇലക്ട്രോണിനെ നീക്കാൻ വളരെ കുറച്ച ഊർജ്ജം മതി )

* ഇലക്ട്രോനെഗറ്റിവിറ്റി കുറവ്

(ഇലക്ട്രോണിനെ സ്വീകരിക്കാനുള്ള കഴിവ് കുറവാണ്)

* രാസപ്രവർത്തനവേളയിൽ ഇലക്ട്രോണിനെ വിട്ടുകൊടുക്കുന്നു

* അയോണിക സംയുക്തങ്ങൾ ഉണ്ടാക്കുന്നു .

* ഒന്നാം ഗ്രൂപ്പ് മൂലകങ്ങൾ അവയുടെ പീരിഡിൽ ഉയർന്ന ക്രിയാശീലം പ്രകടിപ്പിക്കുന്നു .

* ഓക്സൈഡുകളും ഹൈഡ്രോക്സൈഡുകളും ബേസിക സ്വഭാവമുള്ളവയാണ്

* അവയുടെ പീരിഡിലെ വലിപ്പം കൂടിയ മൂലകങ്ങളാണ് .

* ഗ്രൂപ്പിൽ താഴേക്ക് പോകുന്തോറും ക്രിയാശേഷി കൂടി വരുന്നു .

## *p* ബ്ലോക്ക് മൂലകങ്ങൾ

- അവസാനത്തെ ഇലക്ട്രോൺ പ്രവേശിക്കുന്നത് ബാഹ്യതമ ഷെല്ലിലെ p  സബ് ഷെല്ലിലാണെങ്കിൽ ആ മൂലകം പീരിയോഡിക് ടേബിളിലെ p ബ്ലോക്കിൽ ഉൾപ്പെടുന്നതായിരിക്കും.
- പീരിയോഡിക് ടേബിളിലെ 13 മുതൽ 18  വരെ ഗ്രൂപ്പിലെ മൂലകങ്ങളാണ്  p ബ്ലോക്ക് മൂലകങ്ങൾ എന്ന്  അറിയപ്പെടുന്നത് .
- സാധാരണ താപനിലയിൽ ഖരം, ദ്രാവകം , വാതകം എന്നീ മൂന്ന് അവസ്ഥകളിലുമുള്ള മൂലകങ്ങൾ p ബ്ലോക്കിൽ കാണപ്പെടുന്നു .
- 18 ആം ഗ്രൂപ്പ് മൂലകങ്ങൾ മിക്കവയും രാസപരമായി നിഷ്ക്രിയമാണ്.
- *p* ബ്ലോക്ക് മൂലകങ്ങളിൽ ഏറ്റവും ക്രിയാശേഷി പ്രകടിപ്പിക്കുന്നത് 17 ആം ഗ്രൂപ്പ് മൂലകങ്ങളാണ് .
- s- ബ്ലോക്ക് മൂലകങ്ങളെക്കാൾ പൊതുവെ ഉയർന്ന അയോണീകരണ ഊർജം, ഉയർന്ന  ഇലക്ട്രോ നെഗറ്റിവിറ്റി എന്നിവ കാണിക്കുന്നു.
- ലോഹസ്വഭാവം ഗ്രൂപ്പിൽ മുകളിൽനിന്നും താഴേക്ക് വരുന്തോറും കൂടി വരുന്നു

(പിരിയഡിൽ കുറഞ്ഞു വരുന്നു .)

18



| ***p* ബ്ലോക്ക് മൂലകങ്ങളുടെ ഗ്രൂപ്പ് നിർണ്ണയിക്കുന്ന വിധം** |
|---|
| **ബാഹ്യതമ ഷെല്ലിലെ s സബ് ഷെല്ലിലെയും p സബ് ഷെല്ലിലെയും ഇലക്ട്രോണുകളുടെ ആകെ എണ്ണത്തോടൊപ്പം 10 കൂട്ടിയാൽ p ബ്ലോക്ക് മൂലകത്തിന്റെ ഗ്രൂപ്പ് കിട്ടും. (*s*+ *p*+10)** |

13. ഗ്രൂപ്പ് 18 ലെ മൂലകങ്ങൾ അതത് പിരിയഡുകളിലെ ഏറ്റവും ഉയർന്ന അയോണീകരണ ഊർജം ഉള്ളവയാണ് . കാരണമെഴുതുക.

18 ആം ഗ്രൂപ്പ് മൂലകങ്ങളിൽ ബാഹ്യതമ ഷെല്ലിൽ ഉൾക്കൊള്ളിക്കാവുന്ന പരാമാവധി ഇലക്ട്രോണുകൾ ഉണ്ട് . ഇത്തരം ക്രമീകരണങ്ങൾക്ക് സ്ഥിരത ഉള്ളതിനാൽ 18 ആം ഗ്രൂപ്പ് മൂലകങ്ങളുടെ ആറ്റങ്ങളിലെ ഇലക്ട്രോണുകളെ നീക്കം ചെയ്യാൻ ഉയർന്ന ഊർജം ആവശ്യമാണ് .

14. p ബ്ലോക്ക് മൂലകങ്ങളിൽ ഏറ്റവും ക്രിയാശേഷി പ്രകടിപ്പിക്കുന്നത് പതിനേഴാം ഗ്രൂപ്പ് മൂലകങ്ങളാണ് . കാരണമെന്ത് ?

അവയുടെ ബാഹ്യതമ ഷെല്ലിൽ 7 ഇലക്ട്രോണുകൾ ഉണ്ട് . സ്ഥിരത കൈവരിക്കാൻ അവയ്ക്ക് ഒരു ഇലക്ട്രോൺ കൂടി മതി . അതിനാൽ അവ ഉയർന്ന ക്രിയാശീലം പ്രകടിപ്പിക്കുന്നു .

15. ഇലക്ട്രോനെഗറ്റിവിറ്റി ഏറ്റവും കൂടിയ മൂലകം p ബ്ലോക്കിൽ ഉണ്ട് . ഇതിന്റെ പേരും സ്ഥാനവും കണ്ടെത്തുക.

**ഉത്തരം :** ഫ്ലൂറിൻ (F) ..ഗ്രൂപ്പ് = 17 ; പിരിയഡ് = 2

16. ഖരം, ദ്രാവകം , വാതകം എന്നീ മൂന്ന് അവസ്ഥകളിലുമുള്ള മൂലകങ്ങൾ *p* ബ്ലോക്കിൽ കാണപ്പെടുന്നു . ഉദാഹരണമെഴുതുക.

| *അവസ്ഥ* | *മൂലകങ്ങൾ* |
|---|---|
| *ഖരം* | B ,Al, C, Si, P, S, Po മുതലായവ |
| *ദ്രാവകം* | **ബ്രോമിൻ,** ഗാലിയം ( ഉയർന്ന താപനിലയിൽ ) |
| *വാതകം* | N, O, F , Cl, He, Ne, Ar, Kr, Xe, Rn മുതലായവ |

***17.പട്ടിക പൂർത്തിയാക്കുക. (പ്രതീകങ്ങൾ യാഥാർത്ഥമല്ല ..) --ഉത്തരം***

| *മൂലകം* | *ബാഹ്യതമ ഇലക്ട്രോൺ വിന്യാസം* | *പൂർണ്ണമായ സബ് ഷെൽ ഇലക്ട്രോൺ വിന്യാസം* | *അറ്റോമിക നമ്പർ Z* | *പീരിയഡ്* | *ഗ്രൂപ്പ്* | *ബ്ലോക്ക്* |
|---|---|---|---|---|---|---|
| **X** | $3s^2$ | $1s^2\ 2s^2\ 2p^6\ 3s^2$ | 12 | 3 | 2 | s |
| **Y** | $3s^2\ 3p^5$ | $1s^2\ 2s^2\ 2p^6\ 3s^2\ 3p^5$ | 17 | 3 | 17 | p |

ഇതിൽ സംയോജകത 1 ആയ മൂലകം ഏതാണ് ? Y

ലോഹസ്വഭാവം പ്രകടിപ്പിക്കുന്ന മൂലകം ഏത് ? X

അയോണീകരണ ഊർജം കൂടിയ മൂലകം ഏത് ? Y

X ഉം Y ഉം ചേർന്ന് രൂപീകരിക്കാൻ സാധ്യത ഉള്ള സംയുക്തത്തിന്റെ രാസസൂത്രം എഴുതി ഓക്സീകരണാവസ്ഥകൾ രേഖപ്പെടുത്തുക $XY_2$ **; X = + 2 , Y = – 1**

---

**18.** പ്രാതിനിധ്യ മൂലകങ്ങൾ എന്നറിയപ്പെടുന്നത് ....?

**ഉത്തരം :** s , p എന്നീ ബ്ലോക്കുകളിൽ ഉള്ള മൂലകങ്ങളുടെ പൊതുവായ പേരാണ് പ്രാതിനിധ്യ മൂലകങ്ങൾ .

**19.** Y എന്ന മൂലകത്തിന്റെ (പ്രതീകം യഥാർത്ഥമല്ല ) ബാഹ്യതമ സബ് ഷെൽ ഘടന $3s^2\ 3p^4$ എന്നാണ് .

- ഈ മൂലകം ഏത് പീരിയഡിലും ഗ്രൂപ്പിലുമാണ് വരുന്നത് ?
- ഇതേ ഗ്രൂപ്പിൽ **തൊട്ടുതാഴെ വരുന്ന മൂലകത്തിന്റെ** ബാഹ്യതമ ഘടന എന്താണ് ?

**ഉത്തരം :** ഗ്രൂപ്പ് = 2+4+10 =16 പീരിയഡ് =3

തൊട്ടുതാഴെ വരുന്ന മൂലകത്തിന്റെ ബാഹ്യതമ ഘടന =$4s^2\ 4p^4$

## *d* ബ്ലോക്ക് മൂലകങ്ങൾ

- അവസാനത്തെ ഇലക്ട്രോൺ പ്രവേശിക്കുന്നത് ബാഹ്യതമ ഷെല്ലിന് തൊട്ടുള്ളിലുള്ള ഷെല്ലിലെ *d* സബ് ഷെല്ലിൽ ആണെങ്കിൽ ആ മൂലകം പീരിയോഡിക് ടേബിളിലെ *d* ബ്ലോക്കിൽ ഉൾപ്പെടുന്നതായിരിക്കും.
- പീരിയോഡിക് ടേബിളിലെ 3 മുതൽ 12 വരെ ഗ്രൂപ്പിലെ മൂലകങ്ങളാണ് *d* ബ്ലോക്ക് മൂലകങ്ങൾ എന്ന് അറിയപ്പെടുന്നത് . നാലാമത്തെ പിരിയഡ് മുതലാണ് d ബ്ലോക്ക് മൂലകങ്ങൾ തുടങ്ങുന്നത് .
- സംക്രമണ മൂലകങ്ങൾ എന്നറിയപ്പെടുന്നു.
- എല്ലാം ലോഹങ്ങളാണ് .
- പിരിയഡിലും ഗ്രൂപ്പിലും സാദൃശ്യം പ്രകടിപ്പിക്കുന്നു .
- വ്യത്യസ്ത ഓക്സീകരണാവസ്ഥ പ്രകടിപ്പിക്കുന്നു.
- ഇവയുടെ മിക്ക അയോണുകളും സംയുക്തങ്ങളും നിറമുള്ളവയാണ് .
- മിക്ക സംക്രമണ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മികച്ച ഉൽപ്രേരകങ്ങളാണ്.

| ***d* ബ്ലോക്ക് മൂലകങ്ങളുടെ ഗ്രൂപ്പ് നിർണ്ണയിക്കുന്ന വിധം** |
|---|
| **ബാഹ്യതമ ഷെല്ലിലെ s സബ് ഷെല്ലിലെയും ബാഹ്യതമ ഷെല്ലിന് തൊട്ടുള്ളിലുള്ള ഷെല്ലിലെ d സബ് ഷെല്ലിലെയും ഇലക്ട്രോണുകളുടെ ആകെ എണ്ണമായിരിക്കും d ബ്ലോക്ക് മൂലകത്തിന്റെ ഗ്രൂപ്പ് .(*s*+ *d*)** |

**20.** d ബ്ലോക്ക് മൂലകങ്ങൾ പിരിയഡിലും ഗ്രൂപ്പിലും സാദൃശ്യം പ്രകടിപ്പിക്കുന്നു . കാരണമെന്ത് ?

d ബ്ലോക്ക് മൂലകങ്ങളിൽ അവസാനത്തെ ഇലക്ട്രോൺ പ്രവേശിക്കുന്നത് ബാഹ്യതമ ഷെല്ലിന് തൊട്ട് ഉള്ളിലുള്ള ഷെല്ലിലെ d സബ് ഷെല്ലിലാണ് . അതിനാൽ ബാഹ്യതമ ഷെല്ലിലെ ഇലക്ട്രോണുകൾക്ക് യാതൊരു മാറ്റവും ഉണ്ടാകുന്നില്ല . ഒരു മൂലകത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നത് പ്രധാനമായും ബാഹ്യതമ ഷെല്ലിലെ ഇലക്ട്രോണുകളാണ് . ***d* ബ്ലോക്ക് മൂലകങ്ങളിൽ ബാഹ്യതമ ഷെല്ലിലെ ഇലക്ട്രോണുകളുടെ എണ്ണം ഗ്രൂപ്പിലും പിരിയഡിലും ഒരേപോലെ ആയിരിക്കും.** (ചുരുക്കം ചില വ്യത്യാസങ്ങൾ ഒഴികെ ) അതിനാൽ അവ പിരിയഡിലും ഗ്രൂപ്പിലും സാദൃശ്യം പ്രകടിപ്പിക്കുന്നു .

| **ഗ്രൂപ്പ്** | 3 | 4 | 5 | 7 | 8 | 9 | 10 | 12 |
|---|---|---|---|---|---|---|---|---|
| **മൂലകം** | $_{21}Sc$ | $_{22}Ti$ | $_{23}V$ | $_{25}Mn$ | $_{26}Fe$ | $_{27}Co$ | $_{28}Ni$ | $_{30}Zn$ |
| **ഇലക്ട്രോൺ വിന്യാസം** | [Ar] $3d^1\ 4s^2$ | [Ar]$3d^2\ 4s^2$ | [Ar]$3d^3\ 4s^2$ | [Ar]$3d^5\ 4s^2$ | [Ar]$3d^6\ 4s^2$ | [Ar] $3d^7 4s^2$ | [Ar] $3d^8 4s^2$ | [Ar]$3d^{10}\ 4s^2$ |

<u>**ക്രോമിയവും കോപ്പറും വ്യത്യസ്ത ഇലക്ട്രോൺ വിന്യാസം കാണിക്കുന്നതിനാൽ ഇവിടെ അവയെ ഒഴിവാക്കിയിരിക്കുന്നു .**</u>

**21.** സംയോജകത (വാലൻസി ) എന്നാലെന്ത് ?
രാസപ്രവർത്തനവേളയിൽ ഒരു മൂലകം സ്വീകരിക്കുകയോ നഷ്ടപ്പെടുകയോ പങ്കുവയ്ക്കുകയോ ചെയ്യുന്ന ഇലക്ട്രോണുകളുടെ എണ്ണമാണ് അതിന്റെ സംയോജകത അഥവാ വാലൻസി.

**22.** *d* ബ്ലോക്ക് മൂലകങ്ങൾ വ്യത്യസ്ത ഓക്സീകരണാവസ്ഥ പ്രകടിപ്പിക്കുന്നു. ഉദാഹരണമെഴുതുക.
ഇരുമ്പിന്റെ രണ്ട് സംയുക്തങ്ങൾ താഴെ കൊടുത്തിരിക്കുന്നു .( സൂചന : ക്ലോറിന്റെ ഓക്സീകരണാവസ്ഥ -1 )

**1. ഫെറസ് ക്ലോറൈഡ് ( $FeCl_2$ )**

**2. ഫെറിക് ക്ലോറൈഡ് ( $FeCl_3$ )**

ഫെറസ് ക്ലോറൈഡിൽ ഇരുമ്പിന്റെ ഓക്സീകരണാവസ്ഥ +2 ആണ് .$FeCl_2$ ൽ $Fe^{2+}$ അയോണുകളാണുള്ളത്
$Fe^{2+}$ അയോണുകൾ ഉണ്ടാകുന്നത് Fe രണ്ട് ഇലക്ട്രോണുകൾ നഷ്ടപ്പെടുന്നതുകൊണ്ടാണ്.
Fe യുടെ സബ് ഷെൽ ഇലക്ട്രോൺ വിന്യാസം $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^6$ $4s^2$ എന്നാണ് .
$Fe^{2+}$ ന്റെ സബ് ഷെൽ ഇലക്ട്രോൺ വിന്യാസം $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^6$ എന്നായിരിക്കും .
**( രണ്ട് ഇലക്ട്രോണുകൾ 4s ൽ നിന്ന് നീക്കം ചെയ്യപ്പെടുന്നു )**
എന്നാൽ $Fe^{3+}$ അയോണുകൾ ഉണ്ടാകുന്നത് Fe മൂന്ന് ഇലക്ട്രോണുകൾ നഷ്ടപ്പെടുന്നതുകൊണ്ടാണ്.
Fe യുടെ സബ് ഷെൽ ഇലക്ട്രോൺ വിന്യാസം $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^6$ $4s^2$ എന്നാണ്.
$Fe^{3+}$ ന്റെ സബ് ഷെൽ ഇലക്ട്രോൺ വിന്യാസം $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^5$ എന്നായിരിക്കും .
( **രണ്ട് ഇലക്ട്രോണുകൾ 4s ൽ നിന്നും മൂന്നാമത്തെ ഇലക്ട്രോൺ 3d യിൽ നിന്നും** നീക്കം ചെയ്യപ്പെടുന്നു. )

| **ആറ്റം / അയോൺ** | **സബ് ഷെൽ ഇലക്ട്രോൺ വിന്യാസം** |
|---|---|
| Fe | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^6$ $4s^2$ |
| $Fe^{2+}$ | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^6$ $4s^0$ |
| $Fe^{3+}$ | Fe is $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^5$ $\mathbf{4s^0}$ |

**23.** ***d*** ബ്ലോക്ക് മൂലകങ്ങൾ വ്യത്യസ്ത ഓക്സീകരണാവസ്ഥ പ്രകടിപ്പിക്കുന്നു.കാരണമെന്ത് ?
***d* ബ്ലോക്ക് മൂലകങ്ങളിൽ ബാഹ്യതമ ഷെല്ലിലെ *s* സബ് ഷെല്ലും തൊട്ടുള്ളിലുള്ള ഷെല്ലിലെ *d* സബ് ഷെല്ലും തമ്മിൽ ഊർജ്ജത്തിൽ നേരിയ വ്യത്യാസമേയുള്ളൂ . അനുയോജ്യമായ സാഹചര്യങ്ങളിൽ ബാഹ്യതമ ഷെല്ലിലെ s സബ് ഷെല്ലിലെ ഇലക്ട്രോണുകളോടൊപ്പം അതിനു തൊട്ടുള്ളിലുള്ള ഷെല്ലിലെ d സബ് ഷെല്ലിലെ ഇലക്ട്രോണുകൾ കൂടി രാസപ്രവർത്തനത്തിൽ പങ്കെടുക്കാറുണ്ട്**. അതുകൊണ്ടാണ് d ബ്ലോക്ക് മൂലകങ്ങൾ വ്യത്യസ്ത ഓക്സീകരണാവസ്ഥ ( സംയോജകത/ വാലൻസി ) പ്രകടിപ്പിക്കുന്നത്.

| **മൂലകം / സംയുക്തം** | **Mn ന്റെ ഓക്സീകരണാവസ്ഥ** | **ആറ്റം / അയോൺ** | **സബ് ഷെൽ ഇലക്ട്രോൺ വിന്യാസം** |
|---|---|---|---|
| $_{25}$**Mn** | 0 | Mn | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^5$ $\mathbf{4s^2}$ |
| $MnCl_2$ | 2+ | $Mn^{2+}$ | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^5$ $\mathbf{4s^0}$ |
| $MnO_2$ | 4+ | $Mn^{4+}$ | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^3$ $\mathbf{4s^0}$ |
| $Mn_2O_3$ | 3+ | $Mn^{3+}$ | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^4$ $\mathbf{4s^0}$ |
| $Mn_2O_7$ | 7+ | $Mn^{7+}$ | $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^0$ $\mathbf{4s^0}$ |

*(ഓക്സിജന്റെ ഓക്സീകരണാവസ്ഥ - 2 ആണ്)*

24. *d* ബ്ലോക്ക് മൂലകങ്ങളുടെ മിക്ക അയോണുകളും സംയുക്തങ്ങളും നിറമുള്ളവയാണ് . ഉദാഹരണമെഴുതുക.

| | | |
|---|---|---|
| 1 | **കോപ്പർ സൾഫേറ്റ്** | **നീല** |
| 2 | *കൊബാൾട്ട് നൈട്രേറ്റ്* | *ഇളം പിങ്ക്* |
| 3 | **പൊട്ടാസ്യം പെർമാംഗനേറ്റ്** | **കടും പർപ്പിൾ** |
| 4 | *ഫെറസ് സൾഫേറ്റ്* | *ഇളം പച്ച* |
| 5 | **കുപ്രിക് ക്ലോറൈഡ്** | **നീല കലർന്ന പച്ച** |

*ഗ്ലാസിന് നിറം നൽകാനും ഓയിൽ പെയിന്റിംഗിനും മറ്റും സംക്രമണ മൂലകങ്ങൾ ഉപയോഗിക്കാറുണ്ട്*

## *f* ബ്ലോക്ക് മൂലകങ്ങൾ

* ലൻഥാനത്തിനുംആക്റ്റീനിയത്തിനും ശേഷം വരുന്ന 14 മൂലകങ്ങൾ വീതം വരുന്ന രണ്ടു വരിയാണ് f ബ്ലോക്ക് മൂലകങ്ങൾ

* അവസാനത്തെ ഇലക്ട്രോൺ ബാഹ്യതമ ഷെല്ലിന്റെ **ഉള്ളിന്റെ ഉള്ളിലെ** ഷെല്ലിലെ *f* സബ് ഷെല്ലിൽ പ്രവേശിക്കുന്ന_മൂലകങ്ങളെയാണ് *f* ബ്ലോക്ക് മൂലകങ്ങൾ എന്ന വിളിക്കുന്നത്.

* പീരിയോഡിക് ടേബിളിലെ 6 , 7 എന്നീ പിരിയഡുകളിലായി ഉൾപ്പെടുത്തിയിരിക്കുന്ന ഇവയെ രണ്ട് പ്രത്യേക വരികളിലായാണ് ക്രമീകരിച്ചിരിക്കുന്നത്.

* ആദ്യത്തെ വരിയിലുള്ളവയെ ലാൻഥനോയിഡുകൾ എന്നറിയപ്പെടുന്നു .

* രണ്ടാമത്തെ വരിയിലുള്ളവയെ ആക്റ്റിനോയിഡുകൾ എന്നാണ് വിളിക്കുന്നത്.

* *d* ബ്ലോക്ക് മൂലകങ്ങളെപ്പോലെ ഇവയും വ്യത്യസ്ത ഓക്സീകരണാവസ്ഥ പ്രകടിപ്പിക്കുന്നു.

* ആക്റ്റിനോയിഡുകളിൽ ഭൂരിഭാഗവും റേഡിയോ ആക്റ്റീവ് മൂലകങ്ങളാണ് . ഇവയിൽ പലതും കൃത്രിമ മൂലകങ്ങളാണ്

* യുറേനിയം (U ) തോറിയം (Th ) പ്ലൂട്ടോണിയം മുതലായ *f* ബ്ലോക്ക് മൂലകങ്ങൾ ന്യൂക്ലിയർ റിയാക്റ്ററുകളിൽ ഇന്ധനമായി ഉപയോഗിക്കുന്നു .

* ചുരുതൽ *f* ബ്ലോക്ക് മൂലകങ്ങളും പെട്രോളിയം നിർമ്മാണത്തിൽ ഉൽപ്രേരകമായി ഉപയോഗിക്കുന്നു.

**25.**പീരിയോഡിക് ടേബിളിന്റെ ഒരു ഭാഗം താഴെ കൊടുത്തിരിക്കുന്നു.**(പ്രതീകങ്ങൾ യഥാർത്ഥമല്ല ).**
ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

**1** ◄—— **ഗ്രൂപ്പ്** ——► **18**

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **2** | | | | | | | | | | | **13** | **14** | **15** | **16** | **17** | |
| | | | | | | | | | | | | | | **E** | **F** | **G** | **H** |
| | | **3** | **4** | **5** | **6** | **7** | **8** | **9** | **10** | **11** | **12** | | | | | | |
| **A** | **B** | | | **C** | **D** | | | | | | | | | | | | |

- s ബ്ലോക്ക് മൂലകങ്ങൾ ലിസ്റ്റ് ചെയ്യുക **( A , B )**
- +2 ഓക്സീകരണാവസ്ഥ കാണിക്കുന്ന മൂലകം ഏത് ? **(B)**
- ബാഹ്യതമ ഷെല്ലിൽ 5 ഇലക്ട്രോൺ വരുന്ന മൂലകം ഏത് ? **(E)**
- ബാഹ്യതമ p സബ് ഷെല്ലിൽ 5 ഇലക്ട്രോൺ വരുന്ന മൂലകം ഏത് ? **(G)**
- d സബ് ഷെല്ലിൽ അവസാന ഇലക്ട്രോൺ പൂരണം നടക്കുന്ന മൂലകങ്ങൾ ഏതെല്ലാം? **(C, D)**
- അയോണീകരണ ഊർജ്ജം കൂടിയ മൂലകം ഏതായിരിക്കും? **(H)**
- ഏറ്റവും ക്രിയാശീലം കൂടിയ അലോഹം ഏതാണ് ?**(G)**
- -2 ഓക്സീകരണാവസ്ഥ കാണിക്കുന്ന മൂലകം ഏത് ? **(F)**

- **ഇതിൽ ഒരു മൂലകത്തിന്റെ** അവസാന സബ് ഷെൽ ഘടന $2s^2\ 2p^6$.

(i) മൂലകം ഏത് ? **(H)**

(ii) പൂർണ്ണമായ ഇലക്ട്രോൺ വിന്യാസം എഴുതുക **($1s^2\ 2s^2\ 2p^6$ )**

(iii) ഈ മൂലകത്തിന്റെ ഏതെങ്കിലും 2 സവിശേഷതകൾ എഴുതുക
---18 ആം ഗ്രൂപ്പ് മൂലകങ്ങളുടെ ഏതെങ്കിലും പൊതു സവിശേഷത എഴുതുക---
**(ഉയർന്ന അയോണീകരണ ഊർജം , ക്രിയാശേഷി കുറവ്, p ബ്ലോക്ക് ...)**

- A യും G യും ചേർന്ന് രൂപീകരിക്കുന്ന സംയുക്തത്തിന്റെ രാസസൂത്രം എഴുതുക. **(AG)**
- B യും G യും ചേർന്ന് രൂപീകരിക്കുന്ന സംയുക്തത്തിന്റെ രാസസൂത്രം എഴുതുക. **($BG_2$)**

---

## വിലയിരുത്താം ചോദ്യങ്ങൾ (പേജ് 29,30)



### വിലയിരുത്താം

1. താഴെ കൊടുത്ത സൂചനകളുടെ അടിസ്ഥാനത്തിൽ അറ്റോമിക നമ്പർ കണ്ടെത്തി സബ്ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുക. (പ്രതീകങ്ങൾ യഥാർഥമല്ല.
   (i) A - 3-ാം പിരിയഡ് 17-ാം ഗ്രൂപ്പ്
   (ii) B - 4-ാം പിരിയഡ് 6-ാം ഗ്രൂപ്പ്
2. ഒരാറ്റത്തിന്റെ അവസാന ഇലക്ട്രോൺ പൂരണം 3d സബ്ഷെല്ലിൽ നടന്നപ്പോൾ ആ സബ്ഷെല്ലിലെ ഇലക്ട്രോൺ വിന്യാസം $3d^8$ എന്ന് രേഖപ്പെടുത്തി. ഈ ആറ്റത്തെ സംബന്ധിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൂ.
   - പൂർണ സബ്ഷെൽ ഇലക്ട്രോൺ വിന്യാസം
   - അറ്റോമികനമ്പർ
   - ബ്ലോക്ക്
   - പീരിയഡ്നമ്പർ
   - ഗ്രൂപ്പ്നമ്പർ
3. താഴെ കൊടുത്തിരിക്കുന്ന സബ്ഷെൽ ഇലക്ട്രോൺ വിന്യാസത്തിൽ ശരിയല്ലാത്തവ ഏതെല്ലാം.

a) $1s^2 2s^2 2p^7$ b) $1s^2 2s^2 2p^2$

c) $1s^2 2s^2 2p^5 3s^1$ d) $1s^2 2s^2 2p^6 3s^2 3p^6 3d^2 4s^1$

e) $1s^2 2s^2 2p^6 3s^2 3p^6 3d^2 4s^2$

**ഉത്തരങ്ങൾ**

**1.** A - $1s^2\ 2s^2\ 2p^6\ 3s^2\ 3p^5$
B - $1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 3d^5\ 4s^1$

**2.**
- $1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 3d^8\ 4s^2$
- **അറ്റോമിക നമ്പർ** = 28
- **ബ്ലോക്ക്** = d
- **പിരിയഡ്** = 4
- **ഗ്രൂപ്പ്** = 10

**3.** a,c,d

4. ഗ്രൂപ്പുനമ്പർ 17 ആയ X എന്ന മൂലകത്തിന് 3 ഷെല്ലുകൾ ഉണ്ട്. എങ്കിൽ

a) ഈ മൂലകത്തിന്റെ സബ്ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുക.

b) പീരിയഡ് നമ്പർ എത്രയാണ്?

c) p സബ് ഷെല്ലിൽ ഒരു ഇലക്ട്രോണുള്ള മൂന്നാം പീരിയഡിലെ Y എന്ന മൂലകത്തിന്റെ ആറ്റവുമായി X പ്രവർത്തിച്ചാൽ ഉണ്ടാകുന്ന സംയുക്തത്തിന്റെ രാസസൂത്രം എന്തായിരിക്കും?

5. അറ്റോമിക നമ്പർ 29 ആയ Cu എന്ന മൂലകം രാസപ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ +2 ഓക്സീരണാവസ്ഥയുള്ള അയോൺ ആയി മാറുന്നു.

a) ഈ അയോണിന്റെ പ്രതീകവും സബ്ഷെൽ ഇലക്ട്രോൺ വിന്യാസവും എഴുതുക.

b) ഈ മൂലകം വ്യത്യസ്ത ഓക്സീകരണാവസ്ഥ കാണിക്കുവാൻ സാധ്യതയുണ്ടോ? എന്തുകൊണ്ട്?

c) ക്ലോറിനുമായി ($_{17}Cl$) ഈ മൂലകം പ്രവർത്തിച്ചാൽ ഉണ്ടാകുന്ന ഒരു സംയുക്തത്തിന്റെ രാസസൂത്രം എഴുതുക.

6. ആറ്റത്തിലെ ചില സബ്ഷെല്ലുകൾ താഴെകൊടുക്കുന്നു.

2s, 2d, 3f, 3d, 5s, 3p

a) ഇതിൽ സാധ്യതയില്ലാത്ത സബ്ഷെല്ലുകൾ ഏതൊക്കെ?

b) സാധ്യതയില്ലാത്തതിന്റെ കാരണം എന്താണ്?

**<u>ഉത്തരങ്ങൾ</u>**

**4**. a. $1s^2$ $2s^2$ $2p^6$ $3s^2$ $3p^5$

b. 3

c. $YX_3$

**5. a)** $Cu^{2+}$ , $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^9$

**b)** ഉണ്ട് . ഇത് ഒരു ***d*** ബ്ലോക്ക് മൂലകമാണ്. ***d*** ബ്ലോക്ക് മൂലകങ്ങളുടെ ***ബാഹ്യതമ ഷെല്ലിലെ s സബ് ഷെല്ലും അതിനു തൊട്ടുള്ളിലുള്ള ഷെല്ലിലെ d സബ് ഷെല്ലും തമ്മിൽ ഊർജ്ജത്തിൽ നേരിയ വ്യത്യാസമേയുള്ളൂ*** .അനുയോജ്യമായ സാഹചര്യങ്ങളിൽ ബാഹ്യതമ ഷെല്ലിലെ s സബ് ഷെല്ലിലെ ഇലക്ട്രോണുകളോടൊപ്പം അതിനു തൊട്ടുള്ളിലുള്ള ഷെല്ലിലെ d സബ്ഷെല്ലിലെ ഇലക്ട്രോണുകൾ കൂടി രാസപ്രവർത്തനത്തിൽ പങ്കെടുക്കാറുണ്ട് .

**c.)** CuCl and $CuCl_2$

**6.** a) 2d , 3f

b) രണ്ടാം ഷെല്ലിൽ *s,p* എന്നീ സബ് ഷെല്ലുകൾ മാത്രമേ ഉള്ളൂ.

മൂന്നാം ഷെല്ലിൽ *s,p,d* എന്നീ സബ് ഷെല്ലുകൾ മാത്രമേ ഉള്ളൂ.

---